# ഉള്ളനക്കം

ഡിജിറ്റൽ മാഗസിൻ 2024

ഉള്ളനക്കം





## GHS MUNNAD

ഗവ.ഹൈസ്കൂൾ മുന്നാട്

# ഗവൺമെന്റ് ഹൈസ്കൂൾ മുന്നാട്



G H S MUNNAD

ശതാവരിക്കുന്ന്, മുന്നാട് പി ഒ, 671541

ജില്ല: കാസറഗോഡ്

വിദ്യഭ്യാസ ജില്ല : കാസറഗോഡ്

ഉപജില്ല: കാസറഗോഡ്

ഹെഡ്മാസ്റ്റർ : ശ്രീ.കെ രാജൻ

പിടിഎ പ്രസിഡണ്ട്: അഡ്വ.പി രാഘവൻ

എംപിടിഎ പ്രസിഡണ്ട്: ശ്രീമതി ശ്രീജ സിവി

എസ്എംസി ചെയർമാൻ: ശ്രീ.ഇ രാഘവൻ

# ഉള്ളനക്കം

ഡിജിറ്റൽ മാസിക

## എഡിറ്റോറിയൽബോർഡ്

സ്റ്റുഡന്റ് എഡിറ്റർ: ശ്രീനന്ദ എം

അംഗങ്ങൾ

ശിവാനി ശിവൻ

ശ്രേയ ശരത്

അഭിജിത്ത് കെ

വിബിൻ

സ്റ്റാഫ് എഡിറ്റർ : വേണുഗോപാലൻ ബി

(കൈറ്റ് മാസ്റ്റർ)

രജനി പിവി (കൈറ്റ് മിസ്ട്രസ്)

ഉപദേശകൻ:

ശ്രീ രാജൻ കെ, ഹെഡ്മാസ്റ്റർ

# താളുകളിലൂടെ....


മുഖമൊഴി -5

ആശംസ -6

മുന്നാടിന്റെ ലഘു ചരിത്രം... -7-9

യാത്ര -10

അമ്മയാകുന്ന പ്രകൃതി -11

വിരുതൻ കൊറോണ -12

ലിറ്റിൽ കൈറ്റ്സ് -13

വര -14

മാതൃഭാഷാദിനം -15

स्वर्णिम तितली -16

ചിലങ്ക -17-19

പ്രഭാഷണം -20

ഇനിയും വിലാപമോ....! -21

പ്രകൃതി സൗന്ദര്യം നിറഞ്ഞൊഴുകുന്ന മുന്നാട് -22

അമ്മ -23

മിത്രത്തിൻ വിലാപം -24

കയ്ക്കുന്ന മാധുര്യം -25-26

ശതാവരി കുന്നിനിത് ധന്യദിനം -27

വായനാക്കുറിപ്പ്-ബാല്യകാലസഖി -29

ഡ്രാക്കുള -31

# മുഖമൊഴി



മുന്നാട് സർക്കാർ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമായി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കണമെന്ന് പറഞ്ഞപ്പോൾ വളരെ സന്തോഷത്തോടെയാണ് ഞങ്ങൾ അത് ഏറ്റെടുത്തത്.ശതാവരിക്കുന്നിലെ "ഉള്ളനക്കങ്ങൾ" പുറം ലോകത്തോട് പറയാനുള്ള ഒരവസരം.എന്നാൽ പരീക്ഷചൂടിനിടയിൽ സൃഷ്ടികൾ കിട്ടാൻ പരിമിതികളുണ്ടായിട്ടുണ്ട്.സദയം ക്ഷമിക്കുക... ഈ എളിയ സംരഭത്തിന് പിന്തുണയേകിയ എല്ലാവരോടുമുള്ള കടപ്പാട് ഓർമ്മിച്ചുകൊണ്ട്...

ശ്രീനന്ദ എം

(സ്റ്റുഡന്റ് എഡിറ്റർ)

# ആശംസ



മുന്നാട് ഗവ.ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് വിഭാഗം ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ ഏറെ സന്തോഷമുണ്ട്.എല്ലാ മേഖലകളിലും മുന്നോട്ട് കുതിക്കുന്ന ഈ വിദ്യാലയം വിവരവിനിമയ സാങ്കേതിക വിദ്യയിലും ഒട്ടും പിന്നിലല്ലെന്ന് ഈ സംരംഭം തെളിയിക്കുന്നു .ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു

രാജൻ കെ ,
ഹെഡ് മാസ്റ്റർ

# മുന്നാടിന്റെ ലഘു ചരിത്രം...

ഹൈസ്കൂൾ .

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ മുന്നാട് എന്ന ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. മൂന്ന് നാട്ടുകളുടെ സംഗമ കേന്ദ്രമായതിനാൽ മുന്നാട് , അതല്ലെങ്കിൽ മൂന്ന് നാട്ടുകളിലേക്കും വേർപിരിയുന്ന പെരുവഴി മൂന്നായിട്ടുള്ള നാടായതിനാൽ മുന്നാട്, അതുമല്ലെങ്കിൽ മൂന്ന് വിഭാഗത്തിൽപ്പെട്ടവർ അധികാരികളായതിനാൽ മുന്നാട് എന്നിങ്ങനെ നാടിന് പേര് വന്നെന്ന് പറയുന്നവരുണ്ട്. ബ്രാഹ്മണരും തുടർന്ന് യാദവരും പിന്നീട് ചേവിരി നായർ തറവാട്ടുകാരുടെയും അധീനതയിലായിരുന്നത്രേ മുന്നാട് പ്രദേശം. മഹാശിലായുഗ സംസ്കാരത്തിന്റെ തിരുശേഷിപ്പുകളായ ചെങ്കൽ ഗുഹകളും മറ്റും ഇവിടെ കാണാൻ കഴിയും. പ്രകൃതി സൗന്ദര്യത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും കലവറയാണ് മുന്നാട് പ്രദേശം. 2011 ൽ ആർ എം എസ് എ പദ്ധതി പ്രകാരം ആരംഭിച്ചതാണ് മുന്നാട് ഗവ.





ഹൈസ്കൂൾ . 2011 ഫെബ്രുവരി 18ന് ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ ശ്രീ കെ.വി. കുഞ്ഞിരാമന്റെ അധ്യക്ഷതയിൽ കേരള വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. എം.എ. ബേബിയാണ് മുന്നാട് ഗവ. ഹൈസ്കൂൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനം നടന്ന 2011-12 അധ്യയന വർഷത്തിൽ എട്ടാം തരത്തിലേക്ക് 77 ഉം 9-ാം തരത്തിലേക്ക് 44 ഉം പത്താം തരത്തിലേക്ക് 17 ഉം കുട്ടികളാണ് പ്രവേശനം നേടിയത്. മുന്നാട് ടൗണിൽ സ്ഥിതി ചെയ്യുന്ന വാടക കെട്ടിട ത്തിലാണ് അധ്യയനം ആരംഭിച്ചത്.

മുൻ ഉദുമ എം.എൽ.എ ശ്രീ. പി.രാഘവൻ, ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ വൈസ് പ്രസിഡണ്ടായിരുന്ന ശ്രീ എം. അനന്തൻ,പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സി. കാർത്ത്യായനി,

പഞ്ചായത്ത് മെമ്പർമാരായിരുന്ന എം, ശ്രീലത, എം.ശാന്ത, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡണ്ടായിരുന്ന ശ്രീമതി എം.മിനി., ശ്രീമതി ഓമന രാമചന്ദ്രൻ , ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായിരുന്ന ശ്രീമതി കെ.സുജാത, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും ആദ്യത്തെ പിടിഎ പ്രസിഡണ്ടുമായ ശ്രീ എ മാധവൻ,വൈസ്പ്രസിഡണ്ട് ശ്രീ.ടി രാഘവൻ,എംപിടിഎ പ്രസിഡണ്ട് ശ്രീമതി ലതഗോപിഎന്നിവരുടെ ആത്മാർത്ഥമായ സേവനം സ്കൂളിന്റെ വളർച്ചയ്ക്ക് പിൻബലമായി.

ആദ്യ കാലത്ത് ഹെഡ്മാസ്റ്റർ ഇൻചാർജ്ജ് ആയിരുന്ന ശ്രീ ഫിലിപ്പ് ചെറുകരക്കുന്നേലിന്റെ കൃത്യമായ ഇടപെടൽ സ്കൂളിന്റെ



വളർച്ചയ്ക്ക് വേഗത കൂട്ടി.

അതാത് കാലഘട്ടങ്ങളിലെ പി.ടി എ പ്രസിഡണ്ടുമാരും , പി.ടി എ , എം.പി ടി എ , എസ്.എം.സി, കമ്മിറ്റികളും സ്കൂളിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

2012 - 2013 അധ്യയന വർഷത്തിൽ സ്കൂളിന്റെ പ്രവർത്തനം മുന്നാട് ടൗണിൽ നിന്നും അല്പം അകലെയുള്ള പഴയ ഗ്രാമീണ ബാങ്ക് കെട്ടിടത്തിലേക്ക് മാറ്റേണ്ടി വന്നു. ഇടുങ്ങിയ ക്ലാസ് മുറികളാണ് അവിടെ ലഭ്യമായിരുന്നത്. തുടർന്ന് 2013 ഡിസംബർ 2-ാം തിയ്യതി മുന്നാട് ഗവ. ഹൈസ്കൂൾ പുതിയതായി നിർമ്മിച്ച സ്വന്തം കെട്ടിടത്തിലേക്ക് മാറി. ബഹു. പി കരുണാകരൻ എം.പി പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പതിമൂന്നര ലക്ഷത്തിന്റെ (എം.പി.ഫണ്ട്) രണ്ട് ക്ലാസ് മുറികളും എം.എൽ.എഫണ്ടിൽ നിന്നും 13.5 ലക്ഷത്തിന്റെ രണ്ട് ക്ലാസ് മുറികളുമാണ് ലഭിച്ചത്. പി.ടി.എ നിർമ്മിച്ച ഒരു ഹാളും ക്ലാസ് മുറികളായി ഉപയോഗിച്ചു. പ്രഭാകരൻ കമ്മീഷൻ അനുവദിച്ച ലാബ് - ലൈബ്രറി കെട്ടിടത്തിന്റെയും ജില്ലാ പഞ്ചായത്ത് അനുവദിച്ച കഞ്ഞിപ്പുരയുടെയും നിർമ്മാണം പിന്നീട് പൂർത്തിയായി. 2014-15 അധ്യയന വർഷത്തിൽ സ്കൂളിന് വൈദ്യുതി ലഭിക്കുകയും കുഴൽകിണർ വഴി കുടിവെള്ള സൗകര്യം ലഭിച്ചു തുടങ്ങുകയും ചെയ്തു. പ്രധാന റോഡിൽ നിന്നും സ്കൂൾ അങ്കണത്തിലേക്കുള്ള റോഡ് പണിയും പിന്നീട് പൂർത്തിയായി . 5ഏക്കർ സ്ഥലത്തിനുള്ളിൽ 5 കെട്ടിടങ്ങളാണുള്ളത്. വിശാലമായ കമ്പ്യൂട്ടർ ലാബുകളുണ്ട് .സ്മാർട്ട് ക്ലാസ് റൂമും നിലവിലുണ്ട്. കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ സഹായത്താൽ മികച്ച കളിസ്ഥലവും ഇപ്പോൾ സ്കൂളിനൊരുങ്ങി. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യഭ്യാസ സ്റ്റന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.എസ്.എൻ സരിതയുടെ ഇടപെടൽ കളിസ്ഥലം ഒരുക്കുന്നതിൽ ഏറെ സഹായിച്ചു.

ആരംഭിച്ചതിന് ശേഷം 10 വർഷക്കാലവും എസ്.എസ്.എൽ.സിക്ക് പഠിച്ച മുഴുവൻ പേർക്കും ഉപരിപഠന യോഗ്യതയും തിളക്കമാർന്ന വിജയവും നേടിയെടുക്കാൻ മുന്നാട് ഗവ. ഹൈസ്കൂളിന് കഴിഞ്ഞിട്ടുണ്ട്.



# പ്രധാനാധ്യാപകർ

| ക്രമ നമ്പർ | പേര് | കാലയളവ് |
|---|---|---|
| 1 | വിസി ജയകുമാർ | 2011 |
| 2 | ഇ പി രാജഗോപാൽ | 2011-12 |
| 3 | ടി ഒ രാധാകൃഷ്ണൻ | 2012-13 |
| 4 | എം ദാമോദരൻ നായർ | 2013-14 |
| 5 | വികെ വിജയലക്ഷ്മി | 2014-16 |
| 6 | സികെ രവീന്ദ്രൻ | 2016-17 |
| 7 | വാസുദേവൻ നമ്പൂതിരി | 2017-18 |
| 8 | ടോസൺ ടോം | 2018-19 |
| 9 | പി ശ്രീധരൻ നായർ | 2019-21 |
| 10 | കെ പി സുരേന്ദ്രൻ | 2021-22 |
| 11 | കെ രാജൻ | 2022- |




# യാത്ര

അവശർ കമ്പിയിൽ പിടിച്ചാടുകയാണ്;
ഇടത്തോട്ടും വലത്തോട്ടും ചെരിയുന്നു.
പാദങ്ങൾ ഊന്നിനില്കാൻ പാടുപെടുന്നു.
മിടുക്കർ സീറ്റിൽ ചാരിയിരിക്കുന്നു;
പാട്ടുകേട്ട് പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നു.
ഗൗരവമായി ഫോണിലെന്തോ തിരയുന്നു.
പരിശോധകൻ കർത്തവ്യത്തിൽ മുഖം പൂഴ്ത്തി.
ചലിച്ചുകൊണ്ടേയിരിക്കുന്നു.....

-കെ.രാജൻ





# അമ്മയാകുന്ന പ്രകൃതി


ഭൂമിയാം  സ്വർഗത്തിൽ വന്നു ചേർന്ന
വിശ്വ  മനോഹരിയാണു നീ.....
നിൻകരങ്ങൾ പതിച്ചതോ മണ്ണിന്റെ
ആഴങ്ങളേറിയ ഞരമ്പുകളിൽ
മണ്ണിന്റെ പിറവികൊള്ളുന്ന അനാഥ-
ജന്മങ്ങൾക്ക് അമ്മയാം സ്ത്രീയാണു നീ......
നിൻ ജീവോൽസ്പന്ദനമാണ് നമ്മുടെ
അനന്തങ്ങളായ ജീവിതങ്ങൾ
മണ്ണിലും വിണ്ണിലും വിഹായസ്സിലുമുള്ള
പച്ചയാം ജിവിതമാണു നീ.....
എന്റെ ചുണ്ടുകളാകെ തുടിക്കുന്നു
പറയാൻ നിൻ പേർ പ്രകൃതിയെന്ന്

-മയൂഖ.കെ.വി (8B)



# വിരുതൻ കൊറോണ

നമ്മുടെ നാട്ടിലെ വിരുന്നിനായ് വന്നൊരു
വലിയ വിരുതനാണീ കൊറോണ........
ശാന്തരായിരുന്ന നാട്ടുകാരെയെല്ലാം
നട്ടം തിരിപ്പിച്ചവനും കൊറോണ.......
മൃദുലമാം കൈകളെ സാനിറ്റൈസർ കൊണ്ട്
മൂടിപ്പുതപ്പിച്ചവനും കൊറോണ.....
തോരാതെ മിണ്ടുന്ന വായകളെല്ലാം
മാസ്കിട്ടു പൂട്ടിയതും കൊറോണ.......
വരുമാനമുണ്ടായ
കാലത്തെയെല്ലാം
ലോക്ഡൗണാക്കിയതും
കൊറോണ......
കുസൃതി കാണിക്കുന്ന
കുട്ടികളെയെല്ലാം
വീട്ടിലിരുത്തിച്ചതും കൊറോണ.....
ഓരോരോ കാര്യങ്ങൾ കൊണ്ടീ
കൊറോണ.....
ജീവിതം മാ
റ്റിമറിച്ചുവല്ലോ.....
......



-വൈഗ കെ
(8A)



# ലിറ്റിൽ കൈറ്റ്സ്

2019-ലാണ് മുന്നാട് ഗവ.ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ് യൂണിറ്റ് ആരംഭിക്കുന്നത്.ഓരോ യൂണിറ്റിലും 20കുട്ടികളെ വീതമാണ് പ്രായോഗിക



പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തിരുന്നത്.എന്നാൽ 2023-26 ബാച്ചിലേക്ക് 30 കുട്ടികൾക്ക് സെലക്ഷൻ കിട്ടുകയുണ്ടായി.ഏറെ താൽപര്യത്തോടേയാണ് കുട്ടികൾ ഈ ക്ലബ്ബിലെ അംഗങ്ങളാകുന്നത്.വേണുഗോപാലൻ.ബി, രജനി.പി.വി എന്നീ അധ്യാപകർ കൈറ്റ് മാസ്റ്റർ,മിസ്ട്രസുമാരായി ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ കുട്ടികളെ സഹായിക്കുന്നു.

പ്രാഥമികതല, സ്കൂൾ തല ക്യാമ്പുകളിൽ യൂണിറ്റ് അംഗങ്ങളുടെ സജീവ പങ്കാളിത്ത മുണ്ടാകാറുണ്ട്. സബ്ജില്ല ജില്ല ക്യാമ്പുകളിലേക്കും യൂണിറ്റിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തുവരുന്നു.

സ്കൂളിലെ കമ്പ്യൂട്ടർ ലാബ് പരിപാലനം ,ലാപ്ടോപ്പുകളുടെ പരിപാലനം,Hi-



Tech ഉപകരണങ്ങളുടെ പരിപാലനം,എന്നിവ ലിറ്റിൽ കൈറ്റ് ക്ലബ്ബ് അംഗങ്ങളുടെ മേൽനോട്ടത്തിൽ നടക്കുന്നു.പ്ലസ് വൺ ഏകജാലക പ്രവേശന സമയത്ത് ലിറ്റിൽ കൈററ് അംഗങ്ങളുടെ നേത്രത്വത്തിൽ ഓൺലൈൻ അപേക്ഷ നൽകാനുള്ള സൗകര്യം സ്കൂളിൽ നൽകി വരുന്നു. മികച്ച പിന്തുണയാണ് ഇതിനു ലഭിക്കുന്നത്.

ജില്ലയിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിലെ അംഗങ്ങൾക്ക് യൂണിഫോം തയാറാക്കുന്നതിന്റെ ഭാഗമായി മുന്നാട് ഹൈസ്കൂളിലെ എട്ട്, ഒൻപത് ക്ലാസുകളിലെ അംഗങ്ങൾക്ക് ഈവർഷം യൂണിഫോം തയാറാക്കുകയുണ്ടായി. ആഴ്ചയിൽ ഒരു ദിവസം ലിറ്റിൽ കൈറ്റ് റുട്ടീൻ ക്ലാസിൽ ഈ യൂണിഫോം കുട്ടികൾ ധരിക്കുന്നു .കൂടാതെ സ്കൂളിലെ മറ്റു പരിപാടികളിലും ഇവർ നിറസാന്നിധ്യമാകുന്നു...



# വര





**രസിതാലക്ഷ്മി വി** (10A)



# മാതൃഭാഷാദിനം

വെന്തുരുകുന്ന ചൂടിൽ മകനെ
ടൈകെട്ടാൻ സഹായിച്ച്
കൈയും പിടിച്ച് ധൃതിയിൽ
സ്വകാര്യ ഇംഗ്ലീഷ് മീഡിയം
സ്കൂൾ വാഹനത്തിനരികിലേക്ക്
നടക്കുന്നതിനിടയിൽ
മാതൃഭാഷാദിനത്തിൽ
പ്രസംഗത്തിൽ ഉദ്ധരിക്കേണ്ട
വള്ളത്തോൾ വരികൾ അയാൾ
ഒന്നുകൂടി ഉരുവിട്ടുറപ്പിച്ച
ഏതൊരു വേദവുമേതൊരു
ശാസ്ത്രവും
ഏതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപതിയേണമെങ്കിൽ സ്വഭാഷതൻ
വക് ത്രത്തിൽ നിന്നു താൻ കേൾക്ക
വേണം

-കെ. ആർ

कविता ]



# स्वर्णिम तितली

- आनंदकृष्णन एडचेरी



उड उड़ चलती स्वर्णिम तितली
उमंग भरी नर्तन करती
पंख हिलाती रंग दिखाती
निकट कभी और दूर कभी
प्यारी तितली मैं भी नभ में
विचरण करता स्वच्छ विमान में
दूर गगन की स्वर्णिम तितली
तुम क्यों पास न आ जाती ?
नील गगन में विचरण करने
कितनी बार निमंत्रण भेजा
फिर भी तितली एक न मानी
तितली तुम क्यों साथ न आती ?
तितली मेरे साथ आने को
मुग्ध कराकर उड़ जाने को
साथ बैठकर मीठी बोली
लालसा न क्या बोलने को ?
तितली आओ भोजन करने
एक साथ हम खाएँगे
फिर भी दूर गगन की तितली
तुम क्यों पासन आ जाती ?
फूल फूल पर बैठ खुशी से
कौन वस्तु तुम चुगती हो ?
फूलों से क्या बोलती हो ?
दूर दूर तुम जाकर अब भी
फुलवारी के कोने में तुम
गुलाब में रह क्या करती ?
मधु पीकर मद मत्त बनी हे
तुम क्यों पास न आ जाती ?
उड उड चलती स्वर्णिम तितली
उमंग भरी नर्तन करती
दूर गगन की स्वर्णिम तितली
तुम क्यों पास न आ जाती ?



കഥ

# ചിലങ്ക

രസ്യാലക്ഷ്മി വി ,10



ഇരുണ്ടതും ഏകാന്തവുമായ രാത്രിയായിരുന്നു അത്.ഞാൻ ഒരു ബന്ധുവിന്റെ സ്ഥലത്ത് നിന്നും മടങ്ങുകയായിരുന്നു.ഗ്രാമത്തിലേക്കുള്ള അവസാന ബസ്സും നഷ്ടമായി.ഇപ്പോൾ കാട്ടിലൂടെ നടക്കേണ്ടി വന്നു.ഞാൻ മെല്ലെ മുന്നോട്ടു നീങ്ങി.........

അനൂ , അനൂ... എന്താ അമ്മേ? ദേ അമ്മാവൻ വിളിച്ചിരുന്നു.അവരിന്നു വരുന്നുണ്ടത്രേ.പോയി ആ ദാമോദരേട്ടന്റെ കടയിൽനിന്ന് ഒരു കൊട്ട ഉപ്പും, കുറച്ച് പലഹാരങ്ങളും വാങ്ങി വാ. പൈസ എന്റെ പേഴ്സീന്ന് എടുത്തോ, തലേന്നാൾ അച്ഛൻ കൊണ്ടുവന്ന കണവ മുറിക്കുന്നതിനിടയിൽ അമ്മ പറഞ്ഞു.എനിക്ക് വയ്യാ അമ്മേ,അപ്പുവിനോട് പോകാൻ പറ.വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകത്തീന്ന് കണ്ണെടുക്കാതെ അവൾ പറഞ്ഞു.നീ പോയാ മതി, അടുത്ത ധ്വനി ശകാരത്തിന്റേതായിരിക്കും എന്ന് മനസ്സിലാക്കിയ അവൾ വായിച്ചുകൊണ്ടിരിക്കുന്ന മുപ്പത്തിരണ്ടാം പേജ് മ

ടക്കിവച്ച് പുറത്തേക്കിറങ്ങി. എന്തൊരു കഷ്ടാ എന്റീശ്വരാ...... ഇവർക്കൊക്കെ വീട്ടിലിരുന്നാ പോരേ, എന്തിനാ ഇങ്ങനെ ആൾക്കാരെ ബുദ്ധിമുട്ടിക്കാനായിട്ട്, ഇനി എത്ര നേരം അവരുടെ മുന്നിൽ ചിരി പൊഴിച്ച് ഇരിക്കണമെന്തോ.....

അവൾ അങ്ങനെയായിരുന്നു,അല്ല അങ്ങനെയാണിപ്പോൾ. ഏകാന്തതയാണ് അവൾക്ക് സന്തോഷം നൽകുന്നത്.പൊതുപരിപാടികളും കൂട്ടംകൂടലുകളും അവളെ അലോസരപ്പെടുത്തി കൊണ്ടേയിരുന്നു.പുസ്തകങ്ങൾ മാത്രമാണ് ഇപ്പോൾ അവളുടെ കൂട്ടുകാർ.ഒന്നു പുറത്തിങ്ങാൻ പോലും ഇന്നവൾക്ക് പേടിയാണ്.



ഇങ്ങനെയായിരുന്നില്ല ഒളോര എന്ന നാട്ടിൻപുറത്തിലെ ആ ഏഴാംക്ലാസുകാരി.പഠനത്തിലും , പഠനേതര പ്രവർത്തനത്തിലും

എല്ലാത്തിലും മുൻപന്തിയിൽ. കാലിൽ ചിലങ്കയണിഞ്ഞാൽ അവളുടെ ലോകം തന്നെ മറ്റൊന്നായിരുന്നു. നൃത്തത്തെ ഇത്രയധികം പ്രണയിച്ച മറ്റൊരാൾ ഉണ്ടോ എന്നു തന്നെ സംശയമാണ്. വീടും സ്കൂളും കഴിഞ്ഞാൽ അവൾ ഏറ്റവും കൂടുതൽ എത്തിയിരുന്നത് ഗോപി മാഷിന്റെ അടുത്തായിരുന്നു.അവളുടെ ഏറ്റവും പ്രിയപ്പെട്ട അധ്യാപകൻ,നൃത്ത അധ്യാപകൻ.പിടിച്ചുനിൽക്കാൻ തുടങ്ങിയ പ്രായം മുതൽ അവൾ ആ കലാലയത്തിലെ നിത്യസന്ദർശകയായിരുന്നു.ഇതൊക്കെത്തന്നെയായിരുന്നു അവളുടെ ലോകം.വീട്ടുകാരുടെ സമ്മതമില്ലാതെ പ്രണയിച്ച് വിവാഹം കഴിച്ച അവളുടെ അച്ഛനും അമ്മയ്ക്കും മുൻപിൽ ഒരു ഭാഗ്യദേവതയായാണ് അവൾ വന്ന് പിറന്നത്. അവളുടെ ജനനം മുതൽ അവർക്കെന്നും നേട്ടങ്ങളായിരുന്നു.ഇല്ലായ്മകളിലും അവർ എന്നും സന്തോഷം കണ്ടെത്തി.പിന്നാലെ അവൾക്ക് കൂട്ടായി അപ്പുവും പിറന്നു.

അന്നാദ്യമായി അവൾ സ്കൂളിലേക്ക് പോയ ദിവസം,മറ്റു കുട്ടികൾ കരഞ്ഞാർത്തുവിളിക്കുമ്പോൾ അവൾ സമാധാനിപ്പിക്കുകയായിരുന്നു.അന്നുമുതൽ അധ്യാപകർക്ക് അവൾ ഒരു കൗതുകമാണ്.സൗഹൃദങ്ങളുടെ ഒരു വലയംതന്നെ ഉണ്ടായിരുന്നു അവൾക്കെന്നും. അവൾക്ക് വേണ്ടി എന്തും ചെയ്യുന്ന കൂട്ടുകാർ. എന്നാലാർക്ക് മുന്നിലും അവൾ അധികാരം കാണിച്ചില്ല.ഗോപിമാഷിന്റെ മകൾ ശ്രീപാർവതിയും അവളുടെ ചങ്ങാതിയായിരുന്നു.പിച്ചവച്ചു നടക്കാൻ പഠിച്ചതുമുതലുള്ള കൂട്ടകാരാണവർ.

ജീവിതത്തിൽ ഒരു തെറ്റേ അവൾക്ക് പറ്റിയിട്ടുള്ളൂ..... ആ തെറ്റ് ഇല്ലാതാക്കിയത് അവളുടെ ജീവിതത്തെയായിരുന്നു, സന്തോഷത്തെയായിരുന്നു,നാടിനെയായിരുന്നു. ആ ഒരേയൊരു തെറ്റ്. 'തെറ്റ് ' അത് മനസ്സിലാക്കാനുള്ള പ്രായം പോലും അന്നവൾക്ക് ഇല്ല.അല്ലെങ്കിലും ആ തെറ്റ് അവളുടേതായിരുന്നില്ല.



സമൂഹത്തിനുമുന്നിൽ മുഖം മൂടി നടന്ന ആ മാന്യന്റേതായിരുന്നു. തെറ്റിനെപ്പോലും ശരിയായി ജനം വിധിച്ചപ്പോൾ അവിടെ ഇല്ലാതായത് ഒരു ഏഴാം ക്ലാസുകാരിയുടെ ജീവിതമായിരുന്നു, സ്വപ്നങ്ങളായിരുന്നു...

അന്ന് ആ ബുധനാഴ്ച , അവളെഴുന്നേറ്റത് ഏറെ പ്രതീക്ഷകളോടെയായിരുന്നു.ആ പന്ത്രണ്ടാം പിറന്നാളിൽ ഭഗവാനുമുമ്പിൽ അരങ്ങ് തകർക്കാനുള്ള ഭാഗ്യം അവൾക്ക് കിട്ടിയപ്പോൾ അവൾ ഒട്ടും പ്രതീക്ഷിച്ചില്ല അത് തന്റെ ജീവിതം തകർക്കാനുള്ള ദിനമാണെന്ന്.

ഒമ്പത് മണിയാകും ഡാൻസ് ആകാൻ എന്ന് ആഘോഷക്കമ്മിറ്റിക്കാർ പറഞ്ഞപ്പോൾ ഇത്രയും വൈകുമെന്ന് പ്രതീക്ഷിച്ചില്ല.ആടയാഭരണവിഭൂഷിതയായി എന്നത്തെയും പോലെ ചിലങ്കയണിയിക്കാൻ ഗോപിമാഷിന്



മുന്നിൽ എത്തിയപ്പോഴും അവൾ അറിഞ്ഞില്ല , അത് തന്റെ അവസാന ചിലങ്ക കെട്ടലാണെന്നോ , കെട്ടുന്ന കൈകൾ തന്നെ പിഴിയാനുള്ളതാണെന്നോ.

അവളും അവളുടെ സഖിമാരും അവിടെ കാഴ്ച്ച വച്ച നൃത്തനൃത്യങ്ങൾ വൻ കൈയാരവങ്ങളോടെയാണ് ജനം നോക്കിക്കണ്ടത്.സമയം ഏറെ വൈകിയിരുന്നു.ആഘോഷത്തിമിർപ്പിനൊടുവിൽ ഡ്രസ്സ് മാറാനായ് റൂമിലെത്തിയ അവളെ വരവേറ്റത് ഇരുട്ടായിരുന്നു.കറന്റ് പോയിരുന്നു.ആ  ഇരുട്ടിനുള്ളിൽ ഒളിഞ്ഞിരുന്ന ആ കൈകൾ അവൾ കണ്ടില്ല.....
ആശുപത്രിക്കിടക്കയിൽ കണ്ണുതുറന്ന അവൾക്ക് ജനമോ നിയമമോ ഒന്നും കാവലായില്ല.ഒറ്റപ്പെടുത്തലുകൾക്കൊടുവിൽ ആ നാടുതന്നെ ഉപേക്ഷിക്കേണ്ടിവന്നു അവൾക്ക്...............

ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്.” എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രഭാഷണം.

"

പ്രിയരെ,

ഓരോ ദിവസവും നമ്മൾ പ്രതീക്ഷയോടെയാണ് കടന്നുപോകുന്നത്. ആ പ്രതീക്ഷയിൽ ഓരോ അനുഭവങ്ങളും നമുക്ക് സമ്മാനിക്കാറുണ്ട്. ഓരോ പരാജയങ്ങിലും തളർന്നുപോകാതെ പ്രതീക്ഷയോടുകൂടി ഉയർത്തെഴുന്നേൽക്കുകയാണ് വേണ്ടത് എന്ന വലിയൊരു തിരിച്ചറിവ് നമ്മളിലുണ്ടാകേണ്ടതല്ലേ?



ശുഭപ്രതീക്ഷയുള്ളവന് ജീവിതത്തിൽ വിജയിക്കാൻ സാധിക്കുമെന്ന് ഉള്ളൂർ തന്റെ ചില കവിതകളിലൂടെ വ്യക്തമാക്കുന്നത്. പ്രതീക്ഷയോടൊപ്പം കഠിനാധ്വാനവും ആത്മവിശ്വാസവും ഉണ്ടായാൽ ജീവിതത്തിലെ ഓരോ പ്രതിസന്ധിയെയും തരണം ചെയ്യാൻ സാധ്ക്കും എന്ന വലിയ തിരിച്ചറിവ് ലോകത്തിനാവശ്യമാണ്. നമ്മുടെ ജീവിതത്തിലെ ഓരോ ലക്ഷ്യങ്ങളിലേക്കും ശുഭപ്രതീക്ഷയോട്കൂടി അടുക്കുമ്പോൾ  അതിന്റെ ഓരോ കാൽവെപ്പിനും ശക്തി കൂടും. ഇത് ജീവിതവിജയത്തിലേക്കും എത്തിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഓരോ വിജയത്തിനും ഒരുപാട് പരാജയങ്ങളുണ്ട്. ആ പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് പ്രതീക്ഷയോടെ ഉയർത്തെഴുന്നേൽക്കാൻ ശ്രമിച്ച് ഒടുവിൽ വിജയം കൈവരിച്ച ഒരുപാട് മഹത് വ്യക്തികൾ ഈ ലോകത്തുണ്ട്. അവരുടെ ആ ആത്മവിശ്വാസവും പ്രതീക്ഷയും മനസ്സിലാക്കി നമ്മളും ജീവിതത്തിൽ വിജയിക്കേണ്ടവരാണ്.

**ശ്വേത ശരത്**

കവിത



# ഇനിയും വിലാപമോ....!

-അനന്യ വി (10)



കുരുക്ഷേത്ര ഭൂമിയിൽ ഉറ്റവർക്കായി നൊന്ത്
കരയുന്നിതാ
കൂട്ടായ് വരേണ്ടെന്ന് ചൊല്ലിടുമ്പോൾ
അന്നേരം തേങ്ങിയതൊക്കെയും
ആഴക്കടലിൻ വിലാപമായ് മാറുന്നുവോ...
ജീവിതം ,ഒരൊറ്റ ചരടിൽ തീർക്കുന്നു,
കടക്കെടുതി വന്നങ്ങു മൂടിടുമ്പോൾ
ഒഴിഞ്ഞൊരാ അകത്തളം
ഒറ്റപ്പെടലിൻ വിലാപമായ് മാറുന്നു....
അളവറ്റ സ്വത്തും,സ്ത്രീയെന്ന ജീവനും
അളന്നു നൽകുമ്പോൾ
സ്ത്രീ വിലാപമായ് മാറുന്നുവോ...
പലവിധമങ്ങനെ വിലാപങ്ങൾ
പലയിടത്തായ് മുഴങ്ങുന്നു
വിലപിച്ചു തീർന്നതും
വിധിയായ് മറഞ്ഞതും
ഓർത്തെടുക്കാനൊത്തിരി ബക്കിയിനിയും...,
ഓർക്കാത്തതാണേറ്റവും നല്ലത്,
വിലാപങ്ങൾ വിലപിച്ചു തീർന്നിടേണം...
നെഞ്ചിൽ ഭാരമായ് പേറിടാതെ,
വിലാപങ്ങൾ വിലപിച്ചു തീർത്തിടേണം,
വിലാപങ്ങൾ വിലപിച്ചു തീർന്നിടേണം,
വിലാപങ്ങൾക്ക് ഹേതുവും നമ്മൾ തന്നെ
വിലാപങ്ങളെന്നും അകന്നിടട്ടെ.....

# പ്രകൃതി സൗന്ദര്യം നിറഞ്ഞൊഴുകുന്ന മുന്നാട് ഹൈസ്കൂൾ......



കയറ്റം കയറി വരുമ്പോഴുണ്ടാകുന്ന പരവേശം പ്രകൃതിസൗന്ദര്യത്തിൽ ലയിച്ചില്ലാതാകുന്നു. പാറകൾക്കിടയിലുള്ള പച്ചത്തുരുത്തുകൾ തീർത്ത മനോഹാരിത സ്വർഗ്ഗം ഇവിടെയാണെന്ന തോന്നലുളവാക്കിയെങ്കിൽ അതിനുള്ളനന്ദി പ്രകൃതിയോടുമാത്രം. ഇടനാടൻ ചെങ്കൽകുന്നുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുമ്പോൾ അവിടത്തെ ജൈവവൈവിധ്യവും അപ്രത്യക്ഷമായിക്കൊണ്ടിരിക്കും.

വംശനാശഭീഷണി നേരിടുന്ന കാശാവ് കാസർഗോഡിന്റെ സ്വന്തം

കാഞ്ഞിരം,വർഷങ്ങളുടെ പഴക്കമുള്ള കാട്ടുകനികൾ, ഇവയൊക്കെ ഇവിടെ മനോഹരമാക്കുന്നു. അറബിക്കടലിൽ നിന്നും പ്രകൃതിയെ തഴുകി തലോടിയെത്തുന്ന കാറ്റ് സദാ കുളിർമ്മയേകുന്നു. നാട്ടിൽനിന്ന് മറയുന്ന കാക്കകൾ

ഇരട്ടത്തലച്ചി,വേലിത്തത്ത.... മുതലായ പക്ഷികൾ,പൂമ്പാറ്റകൾ പറഞ്ഞാലും പറഞ്ഞാലും തീരാത്ത പ്രകൃതിഭംഗി നിറഞ്ഞ സ്ക്കൂളിനെ ഇവിടെയെത്തുന്ന ആർക്കും ഇഷ്ടമാകും..... ഇവിടെയാണാ സ്വർഗ്ഗം........







# അമ്മ

**ശിവാനി ശിവൻ**


അമ്മ എന്ന രണ്ടക്ഷരം. സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും മാതൃത്വം തുളുമ്പുന്ന വാക്കുകൾ. അമ്മ എന്നത് രണ്ട് അക്ഷരത്തിൽ മാത്രം ഒതുങ്ങുന്നതല്ല.അതിന് പകരം വയ്ക്കാൻ വാക്കുകളില്ല.

"അതിരില്ലാതെ പരന്നുക്കിടപ്പുണ്ടാകാശം നീലാകാശം.........."

എന്ന വരികൾ പോലെ അമ്മയുടെ സ്നേഹവും അതിരില്ലാതെ പരന്ന് കിടക്കുന്നു.

കുഞ്ഞായിരിക്കുമ്പോൾ ഒരു നുള്ള് വാക്ക്കൊണ്ട് പോലും നോവിപ്പിക്കാത്ത അമ്മ ഇന്ന്.............

ഭക്ഷണം കഴിക്കാതിരിക്കുമ്പോൾ ഓരോന്നു പറഞ്ഞു ഭക്ഷണം കഴിപ്പിക്കുകയും തന്നോടൊപ്പം കളിച്ചും രസിച്ചും തന്നെ സന്തോഷിപ്പിച്ച അമ്മ ഇപ്പോൾ....... വൃദ്ധസദനങ്ങളിലെ ഓരോ മൂലകളിലും ഒറ്റപ്പെട്ടുപോയ ഓരോ അമ്മമാർക്കും പറയാനുള്ള കഥയാണിത്.ആധുനികതയും അണുകുടുംബങ്ങളുടെ ആവിർഭാവവും താനും തന്റെ കുടുംബവും എന്നു മാത്രമായി ഓരോ മനസും ഗൃഹവും ഒതുങ്ങിയപ്പോൾ സമൂഹത്തിൽ വാർദ്ധക്യം ഒരു ഭാരമായി മാറി.ഒരു മനുഷ്യായുസ് മുഴുവൻ അധ്വാനിച്ച് തന്റെ കുടുംബത്തിനും മക്കൾക്കുമായി ജീവിതം ഹോമിച്ചു ഒടുവിൽ ആരോഗ്യവും നഷ്ടപ്പെട്ട് പരാ ശ്രയത്വത്തിന്റെ പടുകുഴിയിലേക്ക് വീണു പോകുന്നു അവർ.വാർദ്ധക്യം എന്നത് ഒരു ജീവിതാവസ്ഥയാണ്.മാതാവിന്റെ ഉദരത്തിൽ നിന്ന് ശിശുവായി ജനിച്ച്, ബാല്യവും, കൗമാരവും, യൗവ്വനവും, മധ്യവയസ്സും കടന്നെത്തുന്ന ഒരു അവസ്ഥയാണ് വാർദ്ധക്യം.ചെറുപ്പക്കാരും കുട്ടികളും വൃദ്ധജനങ്ങളിൽ നിന്ന് അകലാൻ ശ്രമിക്കുന്നു.മക്കളും മരുമക്കളും ഉദ്യോഗത്തിൽപെട്ട് ദൂരദേശത്തും കൊച്ചുമക്കൾ ഹോസ്റ്റലുകളിലും ജീവിക്കുമ്പോൾ അനാഥമാക്കപ്പെടുന്ന വൃദ്ധരെ ആനാഥലയങ്ങളിൽ കൊണ്ട് തള്ളുന്നു.വാർദ്ധക്യത്തിൽ മാതാപിതാക്കൾക്ക് മക്കൾ തണലാ



ക ണം എന്ന നിലയിൽ നിരന്തര ബോധവൽക്കരണം ഉണ്ടായിട്ടുപോലും ശരണാലയങ്ങളിൽ എത്തുന്ന വൃദ്ധരുടെ എണ്ണത്തിന് കുറവില്ല.തനിക്കും ഇതുപോലൊരു കാലം വരുമെന്ന തികഞ്ഞ ബോധ്യമുള്ളവരായിരുന്നിട്ടുകൂടി വൃദ്ധസദനങ്ങളിലേക്ക് വൃദ്ധരായ മാതാപിതാക്കളുമായി എത്തുന്നവരുടെ എണ്ണം വർധിക്കുന്നു.

ഒരു തണൽ മരമായി വൃദ്ധർ നമുക്ക് ആശ്വാസം നൽകുന്നു.എന്നാൽ കൂട്ടുകുടുംബങ്ങൾ ഇന്നൊരു പഴയ കഥയാണ്.എല്ലാവരും അണുകുടുംബമായി മാറുന്നു. അവിടെ എല്ലാവർക്കും തിരക്കാണ്. സ്വയം പര്യാപ്തത കൈവരിച്ച സാഹചര്യത്തിൽ സ്ത്രീയും പുരുഷനും ജോലിക്ക് പോകുന്നതും പുതിയ തലമുറ വിദേശങ്ങളിലേക്ക് കുടിയേറുന്നതും വൃദ്ധജനങ്ങളെ നാട്ടിൽ ഒറ്റപ്പെടുത്തുന്നതിന് കാരണമാവുന്നു.ഇതൊക്കെ തന്നെയാണ് വൃദ്ധസദനങ്ങൾ കൂടിവരാൻ കാരണം.കാരണങ്ങൾ എന്തൊക്കെയായാലും മാതാപിതാക്കൾ ശരണാലയങ്ങളിൽ സംരക്ഷിക്കപ്പെടണമെന്ന പേരിൽ ഉപേക്ഷിക്കുന്നത് പ്രായമായവരോട് കാണിക്കുന്ന കൊടും ക്രൂരതയാണ്. എന്നാൽ ജീവിതമാർഗ്ഗം തേടിപ്പോകുന്ന പുതിയ തലമുറയുടെ തിരക്ക് മൂലം അനാഥരായി പോകാതെ പ്രായമായവരെ സംരക്ഷിക്കുന്നതിന് മികച്ച മാർഗ്ഗമാണ് അനാഥലയങ്ങൾ എന്ന് ചിന്തിക്കുന്നവരുമുണ്ട്.തെരുവു

വാർദ്ധക്യം ഒരു ശാപമല്ല.എല്ലാവർക്കും അത് ഉണ്ടാവും.ഇന്നത്തെ കളിക്കുഞ്ഞ് നാളത്തെ വൃദ്ധനാണ്.യുവത്വവും സൗന്ദര്യവും ഏറെക്കാലം നിലനിൽക്കില്ല. വൃദ്ധജനങ്ങളെ സംരക്ഷിക്കാനുള്ള കടമ നാം ഓരോരുത്തരുടെയും ആണ്. വൃദ്ധരെ കുത്തി നോവിപ്പിക്കുന്നതിന് പകരം അവർക്ക് തണലേകാനാണ് നാം ശ്രമിക്കേണ്ടത്.......
...



# മിത്രത്തിൻ വിലാപം

കവിത

രസിതാലക്ഷ്മി വി

ഞാനെഴുതുന്നു കവിത
നിനക്കുവേണ്ടി.....
നിൻ ഓർമ്മയ്ക്കായ്....
ഇന്നലെ മുറ്റത്ത് ഓടിക്കളിച്ചു
നാം ഒരുമിച്ച്
ഇന്നലെ പാടി നാം പാട്ടുകൾ
ഏറെ ,
ഒന്നിച്ചിരുന്ന് ഉണ്ടു ,
ഒന്നിച്ച് കളിച്ചു.
ഇന്നിതാ ഉദയസൂര്യന്റെ വെട്ടം
കാണുവാൻ നീ ഇല്ലല്ലോ
എന്നൊപ്പം.
അന്ന് ഞാൻ വീണപ്പോൾ നീ-
ഓടിക്കിതച്ച് വന്നത് ഓർക്കുന്നുണ്ടോ
ഉദയസൂര്യന്റെ കൂടെ
പാടിയതും,
നിലാവിന്റെ മടിത്തട്ടിൽ കിടന്ന്
ഉറങ്ങിയതും നീ ഓർക്കുന്നുവോ
ഇന്നിത ദുഃഖത്തിലണ്ടുപോയി
ഞാനും നിലാവും.
തെക്കേ മുറ്റത്തെ ആറടിമണ്ണിൽ
നീ സുഖനിദ്ര പ്രാപിച്ച്
കിടക്കുമ്പോൾ ,
ഓർക്കുക നീ എൻ
ഹൃദയം പിടഞ്ഞുകൊണ്ടിരിക്കയാണ്.
നിൻ ഓർമ്മകൾ പിന്നെയും
പിന്നെയും എന്നെ കൊണ്ടുപോകായാണ്
ആഴങ്ങളിലേക്ക്....
നിൻ അരികിലേക്ക് എത്തിടുവാൻ
ഞാൻ തന്നെ ആഗ്രഹിച്ചിടുന്നു
ഈ നിമിഷം
നിന്നിൽ മൂർച്ഛിച്ച ആ അസുരനെ
കൊന്നിടുവാൻ ഒരു ഔഷധം കണ്ടെത്തും
ഞാനൊരുനാൾ....
അത്രയും നാൾ എനിക്ക് ഈ
പാരിനെ വിട്ടു വരിക സാധ്യമല്ല.....
ഇന്നെൻനൊപ്പം കളിക്കുവാൻ
നീ ഇല്ലല്ലോ എന്നൊരു
ദുഃഖം എൻ ഹൃദയത്തെ
പിടിച്ച് മുറുക്കുന്നു .
നിൻ ഓർമ്മ എന്നിൽ പടർത്തുന്ന
കുളിര് എൻ ദുഖത്തെ ലയിപ്പി-
ക്കുന്നു വിണ്ണിൽ ......



കഥ

# കയ്ക്കുന്ന മാധുര്യം

അതുൽദേവ് എഎം

വളരെ ദുഃഖിതമായ സായാഹ്നമായിരുന്നു അന്ന് അവൾക്ക്. വീട്ടിലെ വരാന്തമുറ്റത്ത് രാത്രി കാഴ്ചകൾ നോക്കി നിൽക്കുകയായിരുന്നു അന്ന. കാഴ്ചകളുടെ സൗന്ദര്യമായിരുന്നില്ല അവൾ ഓർത്തുകൊണ്ടിരുന്നത്. എന്തോ നന്നായി വിഷമകരമേകിയ കാര്യങ്ങൾ അന്നയെ നന്നായി തളർത്തിക്കൊണ്ടിരുന്നു. പെട്ടെന്ന് തന്നെ അകത്ത് അടുക്കളയിൽ



വീഴുന്ന പാത്രത്തിന്റെ ശബ്ദം കേട്ട് അവൾ ഞെട്ടിയിടറി.അവളുടെ കണ്ണുകളിൽ നിന്നും ഇറ്റാൻനിൽക്കുന്ന തുള്ളികൾ അവിടെ സ്തംഭിച്ചു നിന്നു. കാര്യങ്ങൾ അത്രഗൗരവമായി എടുക്കാത്ത അന്ന ആ കാര്യത്തിൽ മാത്രംതളർന്നു.അടുക്കളയിൽ നിന്ന് അമ്മ വിളിച്ചു. അന്ന അടുക്കളയിലേക്ക്പോയി.

“ഭക്ഷണം കഴിക്കാം” അമ്മ ചോദിച്ചു.

“വേണ്ട വിശക്കുന്നില്ല” അവൾ പറഞ്ഞു.

വിതുമ്പാൻ നിൽക്കുന്ന ആ കണ്ണീർതുള്ളികൾ ഇലപൊഴിയും കാട്ടിലെ ഇലപൊഴിയുന്നതുപോലെ ഇങ്ങനെ ഒഴുകുവാൻ തുടങ്ങി.ഗൗരവമല്ലാത്ത കാര്യമായി കാൻസറിനെ അമ്മ എടുക്കാത്തതുകൊണ്ടായിരിക്കാം അങ്ങനെയൊക്കെ സംഭവിച്ചത്.

“ജീവിതമല്ലേ..തളരേണ്ടാത്ത കാര്യത്തിൽ തളരരുത്.”അമ്മ സമാധാനിപ്പിച്ചു.അമ്മ അവളോട് കിടന്നുറങ്ങാൻ ആവശ്യപ്പെട്ടു.അന്ന കണ്ണുതുടച്ച് മുറിയിലേക്ക് പോയി.കതകടച്ചു.കിടക്കയിലേക്ക് ചാഞ്ഞിരുന്ന് കുറേ കാര്യങ്ങൾ ഓർത്തുകൊണ്ടിരുന്നപ്പോഴേക്കും അന്ന നിമിഷങ്ങൾക്കുശേഷം സുഖനിദ്രയിലാണ്ടു.

നേരം പുലർന്നു.പതിവുപോലെ എല്ലാ കാര്യങ്ങളും ചെയ്ത് സ്കൂളിലേക്ക് പോയി.നാലാമത്തെ പിരിഡ് കഴിയുമ്പോഴേക്കും അന്നയ്ക്ക് നന്നായി തലചുറ്റാൻ തുടങ്ങി.പെട്ടെന്ന് തന്നെ നിലമ്പതിച്ചു.അധ്യാപിക ആ സമയംകൊണ്ട് ഒന്ന് പതറിപ്പോയി.വെള്ളം കൊണ്ടുവരാൻ പറഞ്ഞു.മുഖത്ത് തടവി.വേണ്ടാ..ചികിൽസയ്ക്ക് മുൻപേതന്നെ അന്ന സുഖം പ്രാപിച്ചു.ആർപ്പുവിളികളും ആരവങ്ങളും നിറഞ്ഞ അന്ത്യാഭിലാഷം അന്നയെ തളർത്തി.വിദ്യാലയവരാന്തയിലെ കൂടിച്ചേരൽ വളരെ വേദനാജനകമായിരുന്നു.തന്റെ രോഗം എല്ലാവരും അറിഞ്ഞുകാണുമോ,രോഗമറിഞ്ഞാൽ തന്നെ ഒഴിവാക്കുമോ? എന്ന ഭയന്ന ചിന്തകളെല്ലാം അവളെ വന്നുമൂടി.തന്റെ മറ്റു കൂട്ടുകാരികളെല്ലാം കൂട്ടംകൂടി എന്തോ സംസാരിക്കുന്നത് അവൾ കണ്ടു.ഒന്നും




മിണ്ടാതെ അന്ന വീട്ടിലേക്ക് മടങ്ങാൻ ആരംഭിച്ചതോടുകൂടി ആലിസയുടെ ഒരു വിളി.അന്ന പിറകിലേക്ക് ഒന്ന് തിരിഞ്ഞുനോക്കി.കണ്ണുക ളിലെ കണ്ണീർ മുഴുവനും ഉപ്പുള്ള ഒരു സൂചിപോലെ തിളങ്ങുന്നുണ്ടായരുന്നു.

പിന്നീട് അവർക്ക് കാര്യം മനസിലായി.ആലിസയും കൂട്ടുകാരും അവളെ സമാധാനിപ്പിച്ചു. “എടീ.. ഇതൊരു രോഗമല്ലേ;ചികിൽസിച്ചാ ഭേദമാകുന്ന പ്രശ്നമേയുള്ളൂ...” ആലിസ പറഞ്ഞു അന്ന ഒന്നും മിണ്ടിയില്ല.ചെറുപുഞ്ചിരി അവളുടെ മുഖത്ത് പതറി.വീട്ടിലെത്തി.കുറേ നാളുകൾ കഴിഞ്ഞു.മാസങ്ങൾ കൂടിവരുന്തോറും അവളുടെ രോഗത്തിന്റെ തോത് വർധിക്കാൻ തുടങ്ങി.വലിയ പിരിമുറുക്കങ്ങൾ അന്നയെ വീണ്ടും വീണ്ടും വേദനാജനകമാക്കി. തളർന്ന്പോകുമ്പോഴും



കൂടെ നിന്ന് സഹായിച്ചതും വാത്സല്യം കൊണ്ട് പുണർന്നതും അമ്മയിലൂടെയായിരുന്നു.നാളുകൾ കടന്നു പോയി.

ജീവിതത്തിന്റെ അനുഭവതീവ്രമായ കാഴ്ചപ്പാടുകൾ നിറയുന്ന ദിനങ്ങൾ അന്നയ്ക്കേറയും കടന്നു പോയി.ഒരു പുഞ്ചിരിയിൽ വിടരുന്ന പുലർരാവുകൾ കണ്ണിൽ കൊണ്ട സൂചിപോൽ ആർപ്പുവിളികളായിരുന്നു. ചുമടിൽ കൊണ്ടു നടക്കുന്ന അവളുടെ തീക്ഷണമായ വേദനകൾ മറക്കാൻ അവൾ ശ്രമിച്ചു.ഇല്ല അവൾക്കൊന്നിനുമായില്ല. ഇനിയെന്തിന് കാലരാത്രികളുടെ കണക്കുപുസ്തകങ്ങൾ മലർക്കെ തുറക്കുന്നു.”ഇനിയുമെന്തിന് ” എന്ന ചോദ്യം പിന്നെയും പിന്നെയും അവൾ പിന്തുടർന്നു.അന്നയുടെ മനസിലെ മുറിവിന്റെ വേദന ചുഴലിക്കാറ്റിന്റെ കുതിയിളക്കത്തിന് സമാനമായിരുന്നു.അവൾ വിട്ടുകൊടുത്തില്ല.പോരാടാൻ തന്നെ തീരുമാനിച്ചു.പരിശ്രമം,പരിശ്രമം,പരിശ്രമം. ഇതു മാത്രമായിരുന്നു അവളുടെ മുന്നിലെ ആയുധം.അവൾ അന്ന് കഴിഞ്ഞനാളുകളേക്കാളും ഊഷ്മളമായി തന്നെ നിന്നു.പതുക്കെ സ്വപ്നരാത്രികളിലേക്ക് കുടിയേറി.അവസാനത്തെ അവളുടെ കണ്ണുകൾ








# ശതാവരി കുന്നിനിത് ധന്യദിനം

മുന്നാട് : വായന ദിനത്തിന് ചിത്രത്തിനെന്ത് പ്രസക്തി എന്ന ശങ്കിച്ചവർക്ക് വാക്കുകളും വരകളും മറുപടി നല്കിയപ്പോൾ മുന്നാട് ഗവ.ഹൈസ്കൂൾ വായന ദിന ഉദ്ഘാടനം മനസ്സിൽ കൊത്തിവെച്ച ഓർമ്മശില്പമായി മാറി.



കാസറഗോഡിന്റെ അഭിമാനം ശ്രീ അംബികാസുതൻ മാങ്ങാടിന്റെ 'രണ്ടു മത്സ്യങ്ങൾ', കുട്ടികൾ ഭാവാത്മകമായി വായിച്ചപ്പോൾ , പ്രശസ്ത ചിത്രകാരനും ശില്പിയുമായ ശ്രീ ശ്യാമ ശശി അത് കാൻവാസിൽ പകർത്തി. അത്രയും നേരം കുട്ടികളിലുണ്ടായ നിശ്ശബ്ദത എല്ലാവരിലും കുളിർമ കോരിയിട്ടു. കഥയിൽ നിന്നും ചിത്രത്തിലേക്കും ചിത്രത്തിൽ നിന്നും കഥയിലേക്കുമുള്ള പകർന്നാട്ടം കുട്ടികൾ ഏറ്റുവാങ്ങുക തന്നെ ചെയ്തു.

ചിത്രകാരന്റെ സജീവ സാന്നിധ്യവും കഥാകാരന്റെ അദൃശ്യ സാന്നിദ്ധ്യവും വായന പക്ഷാചരണം സജീവമാക്കാൻ തുണയായി. ബേഡഡുക്ക ഗ്രാമപഞ്ചായത്ത് അംഗം പി.ശ്രുതി അധ്യക്ഷത വഹിച്ച യോഗത്തിൽ എസ് എംസി ചെയർമാൻ ഇ.രാഘവൻ,സുരേഷ് പയ്യങ്ങാനം സംബന്ധിച്ചു. ഹെഡ്മാസ്റ്റർ ശ്രീ കെ രാജൻ സ്വാഗതവും വി പത്മനാഭൻ മാസ്റ്റർ നന്ദിയും പറഞ്ഞു.ശ്രീ ഇ വി ആനന്ദകൃഷ്ണൻ മാസ്റ്റർ ചിത്രകാരനെ പരിചയപ്പെടുത്തി.



ഈ സമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ നന്ദികേശൻ സർ സ്കൂൾ സന്ദർശനം നടത്തി, ആശംസകൾ നേർന്നു.ഇത് ഏറെ സന്തോഷമായി .



പത്താം ക്ലാസ് വിദ്യാർഥിനികളായ അനന്യ വി,രസ്യാലക്ഷമി വി,നന്ദന എ എന്നിവർ 'രണ്ടുമത്സ്യങ്ങൾ' കഥ വായന നടത്തി.വായനക്കനുസരിച്ച് ചിത്രകാരന്റെ ബ്രഷ് ക്യാൻവാസിൽ ചലിച്ചു.ഈ സമയം സ്കൂളിലെ ചിത്രകാരൻ യാദവ്, ചിത്രകാരനെ തന്റെ പേനയിൽ വരഞ്ഞെടുക്കുകയായിരുന്നു.ഇത് ഏവരുടെയും പ്രശംസ പിടിച്ചു പറ്റി.വായനാമാസം ഒന്നാം ദിനം ഓർമയിൽ ഏറെ....



സേവനരംഗത്ത്
മഹനീയ
സാന്നിധ്യമാണ് എന്നും ജൂനിയർ റെഡ്ക്രോസ്.ഇന്റർനാഷണൽ റെഡ്ക്രോസ് സൊസൈറ്റിയും ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയും സേവനത്തിന്റെ പാതയിലാണ്.സേവന തൽപരരായ കുട്ടികളുടെ സംഘടനയായ ജൂനിയർ റെഡ്ക്രോസിന്റെ ഒരു യൂണിറ്റ് നമുക്കുമുണ്ട്.അതിൽ അംഗമാകാൻ കഴിഞ്ഞവർക്കും അഭിമാനത്തിനു വകയുണ്ട്.



# വായനാക്കുറിപ്പ്-ബാല്യകാലസഖി



**രസ്യാലക്ഷ്മി വി**

ബേപ്പൂറിന്റെ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് അറിയാത്തവരായി മലയാളികൾ ആരും ഉണ്ടാകില്ലല്ലോ.അദ്ദേഹത്തിന്റെ പ്രസിദ്ധമായ നോവലായ ബാല്യകാലസഖിയാണ് ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ രണ്ടാമതും വായിച്ചുതീർത്തത്. ഈ പുസ്തകം ചെറിയ ഒരു നോവലാണോ അതോ വലിയൊരു ചെറുകഥയാണോ എന്ന് സംശയം തോന്നിപോകും.ഈ നോവൽ ബാല്യകാലം മുതലെ സുഹൃത്ത്ക്കളായിരുന്ന സുഹ്റയുടെയും മജീദിന്റെയും കഥ പറയുന്നു.ബാല്യം മുതൽ പ്രായപൂർത്തിവരെ നായികാ നായകന്മാരുടെ ബഹുമുഖങ്ങളായ അനുഭവങ്ങലെ നോവലിൽ വരച്ചുകാട്ടുന്നു.ഉന്നതമായ ഭാവനയും വിസ്തൃതമായ ലോകാനുഭവങ്ങളും സൂക്ഷ്മമായ മനുഷ്യഹൃദയജ്ഞാനവും ഈ കഥയിൽ സഞ്ചയിക്കുന്നു.പന്ത്രണ്ട് അധ്യായങ്ങളാണ് ഈ നോവലിൽ ഉള്ളത്.ആദ്യഭാഗങ്ങളിൽ സുഹ്റയുടെയും മജീദിന്റെയും കുട്ടിക്കാലത്തെ കുശുമ്പുകളും കളിത്തമാശകളും ജിജ്ഞാസകളും വരച്ചു കാട്ടുന്നു.സ്കൂളിൽ മണ്ടശിരോമണി എന്ന് വിളിപ്പേരുള്ള മജീദിന്റെ ഒന്നും ഒന്നും കൂട്ടിയാൽ  ഇമ്മിണി വല്യ ഒന്ന് എന്ന ഉത്തരം കണക്കുശാസ്ത്രത്തിൽ തന്നെ പുതിയൊരു തത്ത്വമായി ഇന്നും തമാശയാണല്ലോ.ഇത് പുസ്തകത്തിലെ മൂന്നാം അധ്യായത്തിലാണ്.



ഹൈസ്കൂൾ പ്രവേശനത്തോടെ മജീദ് പട്ടണത്തിലെ സ്കൂളിലെത്തുകയും പഠനത്തിൽ മിടുക്കിയായ സുഹ്റയുടെ സ്കൂൾ ജീവിതം അവസാനിക്കുകയും ചെയ്തത് നീറുന്ന ജീവിതയാഥാർത്ഥ്യം നോവൽ പറയുന്നു.അപ്പോഴും അവർ തമ്മിലുള്ള പരസ്പരസ്നേഹം തളരുകയല്ല വളരുകയാണ് ചെയ്തത്.ജോലിതേടി അന്യദേശത്ത് പോകുന്ന മജീദ് അവിടെവച്ച് അപകടത്തിൽപ്പെടുന്നതും ജോലി നഷ്ടപ്പെട്ട് പുതിയ ജോലിക്കായി ഒറ്റക്കാലിൽ നീണ്ടവടിയും കുത്തി അലയുന്നതും നടക്കുന്ന ജീവിതപ്രശ്നങ്ങളാണ്.ഉമ്മയ്ക്കുവേണ്ടി മജീദിനുള്ള കത്തെഴുതിയിരുന്ന

സുഹ്റയുടെ കൈപ്പട മാറി ഒരു എഴുത്തുവന്നപ്പോൾ തന്റെ സ്വപ്നങ്ങളെല്ലാം തച്ചുടച്ച് സുഹ്റ ലോകത്തിൽ നിന്നുതന്നെ പോയകാര്യം നടുക്കത്തോടെ മജീദ് അറിയുന്നു.ചികിത്സിക്കുവാൻ ആരുമില്ലാതെ മരിക്കുന്ന സുഹ്റയും കടങ്കയറി വീടും പുരയിടവും വിട്ടിറങ്ങാൻ നിർബന്ധിതനാകുന്ന മജീദിന്റെ കുടുംബവും നമ്മുക്ക് ചുറ്റുമുള്ള കടുത്ത ജീവിതയാഥാർത്ഥ്യം കാട്ടിതരുന്നതോടൊപ്പം പരസ്പരസ്നേഹത്തിന്റെ ആഴവും പരപ്പും ഓർമ്മപ്പെടുത്തുന്നുമുണ്ട്.





സ്കൂളിന്റെ കായിക മേഖലയ്ക്ക് മികച്ച പിന്തുണയേകി മുഴുവൻ കായിക താരങ്ങൾക്കും ജേഴ്സി തയ്യാറാക്കി നൽകികൊണ്ട് മുൻ സ്കൂൾ ജീവനക്കാരി ശ്രീമതി ബിന്ദു പി വി മാതൃകയായി

# ഡ്രാക്കുള

യദുദേവ് എഎം

നേരം അർദ്ധരാത്രിയാകാൻ നിമിഷങ്ങൾ മാത്രംബാക്കി. രാത്രിയുടെ നിഴലലകൾക്കിടയിലൂടെ നിലാവ് ഒന്ന് എത്തിനോക്കി. ക്ലോക്കിൽ പന്ത്രണ്ട് മണി മുട്ടിയതും സെർവാൻഡ് ഞെട്ടിയെഴുന്നേറ്റു. എന്തോ ദുസ്വപ്നം കണ്ടവണ്ണം അയാൾ ഞെട്ടിയിരുന്നു.വിയർപ്പുത്തുള്ളികൾ അയാളുടെ കവിളിലൂടെ ഇറ്റിയിറങ്ങുന്നുണ്ടായിരുന്നു.



അയാൾ ജനലിലൂടെ ചുറ്റും ശ്രദ്ധിച്ചു. എങ്ങും ഭയാനകരമായ നിശബ്ദത. കുറച്ചകലെ മരത്തിനടിയിൽ ഒരു നിഴൽ അയാളുടെ കണ്ണിൽ പെട്ടു. സംശയം തോന്നിയ അയാൾ തന്റെ അടുത്ത് ഉറങ്ങുകയായിരുന്ന മേരിയെ വിളിച്ചുണർത്തി.മേരി കാര്യം തിരക്കിയ ശേഷം ജനാലയിലൂടെ പുറത്തേക്ക് നോക്കി.

അവൾ ചുറ്റും ഒന്ന് കണ്ണോടിച്ചു.പക്ഷെ,അവൾക്ക് സംശയാസ്പദമായി ഒന്നും കാണാൻ സാധിച്ചില്ല. മേരി കാര്യം സെർവാന്റിനെ ധരിപ്പിച്ചെങ്കിലും അവന് വിസ്വാസം വന്നില്ല്.അവന്റെ നിർബന്ധത്താൽ മേരി പുറത്തിറങ്ങി അന്വേഷിക്കാൻ തയ്യാറായി.പുറത്തിറങ്ങാൻ ഭയന്ന സെർവന്റിന്റെ കൈയിൽ പിടിച്ച് വലിച്ചുകൊണ്ട് അവൾ പുറത്തിറങ്ങി. അവളുടെ കണ്ണുകൾ ഇരുട്ടിലൂടെ അന്വേഷിക്കാൻ തുടങ്ങി.പെട്ടെന്ന് അവളുടെ കണ്ണുകൾ എവിടെയോ ഉടക്കി .അത് സെർവാന്റ് മുമ്പ് കാണിച്ച ആ സ്ഥലം തന്നെയായിരുന്നു.അവളുടെ ഹൃദയം പട പട എന്നിടിക്കാൻ തുടങ്ങി.അങ്ങ് അവിടെ മരത്തിനടിയിൽ ഒരു നിഴൽ അവൾ കണ്ടു.അപ്പോഴാണ് സെർവ്വാന്റ് പറഞ്ഞത് ശരിയാണെന്ന് അവൾക്ക് മനസ്സിലായത്.അവൾ തന്റെ പിറകിലുണ്ടായിരുന്ന സെർവ്വാന്റിനെ നോക്കി.അവൻ അതിശൈത്യത്തിൽ എന്ന പോലെ കിടുകിട വിറയ്ക്കുന്നുണ്ടായിരുന്നു.

ആ നിലാവിന്റെ ഉറവിടം കണ്ടെത്താതെ തനിക്ക് ഉറക്കം വരില്ലെന്ന് അവൾക്ക് അറിയാമായിരുന്നു.എന്തോ ശപഥം എടുത്തവണ്ണം സെർവ്വാന്റിനെ പിടിച്ചുവലിച്ചുകൊണ്ട് മേരി ആ മരത്തിന്റെ സമീപത്തെത്തി.അപ്പോഴേക്കും ആ രൂപം അപ്രത്യക്ഷപ്പെട്ടിരുന്നു.ഒരു വവ്വാൽ പറന്ന് പോകുന്നത് മാത്രമാണ് അവർ കണ്ടത്.

മേരി തിരിച്ചുപോകാൻ തുടങ്ങുമ്പോഴാണ് അത് കണ്ടത്,തറയിൽ വലിയ കുറച്ച് കാൽ പാടുകൾ അതിന്റെ ഉറവിടം അന്വേഷ്ക്കിന്നതിനിടയിൽ അവൾ തറയിൽ ചോര തളം കെട്ടികിടക്കുന്നത് കാണാനിടയായി.സമീപത്ത് അരു ചത്ത നായ കിടപ്പുണ്ടായിരുന്നു.അത് മാസങ്ങൾക്ക് മുമ്പ് കാണാതായ അവരുടെ ടോമി ആയിരുന്നു.

സെർവ്വാന്റ് നായയെ പരിശോധിച്ചു.നായയുടെ കഴുത്തിൽ രണ്ട് വലിയ ദ്വാരങ്ങൾ ഉണ്ടായിരുന്നു,എന്തോ കടിച്ചപോലെ .സെർവ്വാന്റ് കുറച്ചകലെ കുഴിച്ചിട്ടു.മേരിക്ക് അപ്പോഴും ഭാവവ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല.ഇത് എങ്ങനെ സംഭവിച്ചു എന്ന ചിന്തയിലായിരുന്നു അവൾ.തിരിച്ചു നടക്കുന്നതിനിടയിൽ അങ്ങ് അകലെ ഒരു കുന്നിൻ മുകളിൽ ഒരു ആൾ രൂപം നിൽക്കുന്നത് സെർവ്വാന്റ് കണ്ടു .അവനിത് മേരിക്ക് കാണിച്ചുകൊടുത്തു.മേരി അങ്ങോട്ട് സൂക്ഷിച്ച് നോക്കി. അവൾ ഞെട്ടി തരിച്ചുപോയി .തന്റെ അമ്മുമ്മ പറഞ്ഞുതന്നിരുന്ന പഴങ്കഥകളിൽ കേട്ടിട്ടുള്ള ഒരു രാക്ഷസ രൂപം ....ഡ്രാക്കുള.....



# കായികമേഖലയിൽ നിറ സാന്നിദ്ധ്യം









## വിവിധ മേഖലയിലൂടെ





# നന്ദി.......

മുന്നാട് ഗവ.ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ്
ക്ലബ്ബിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കുറഞ്ഞ
സമയത്തിനുള്ളിൽ ഇത്തരമൊരു ഡിജിറ്റൽ
മാസിക  തയ്യാറാക്കുമ്പോൾ ,
കൂടെ നിന്ന് പിന്തുണച്ചവർ.......
സൃഷ്ടികൾ തന്ന് സഹായിച്ചവർ......
സാങ്കേതിക സൗകര്യം
പരിചയപ്പെടുത്തി തന്നവർ........
ടൈപ്പ് ചെയ്യാൻ ഒപ്പം നിന്നവർ....
തെറ്റ് തിരുത്തി തന്നവർ......
എല്ലാവരോടും ഉള്ള നന്ദി
അറിയിക്കുന്നതോടൊപ്പം......
ഈ കൊച്ചുമാസികയെ വിമർശന ബുദ്ധിയോടെ
വിലയിരുത്തി തിരിച്ചറിവ് നൽകണമെന്നും
അഭ്യർത്ഥിക്കുന്നു.

-എഡിറ്റർ

ഉള്ളടക്കം



G H S MUNNAD